"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ്-കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ വയനാട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ 29 ജനപ്രതിനിധികൾ 2025 മാർച്ച് 3 മുതൽ 7 വരെ ചണ്ഡീഗഡിൽ നടന്ന പരിശീലന പരിപാടിയിൽ പങ്കെടുത്ത നടപടി-അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐബി) വകുപ്പ്

സ.ഉ.(സാധാ) നം.1900/2026/LSGD തീയതി,തിരുവനന്തപുരം, 09-10-2026

---

പരാമർശം:- പ്രിൻസിപ്പൽ ഡയറക്ടറുടെ 21.03.2025 തീയതിയിലെ LSGD/PD/7959/2025-EER2 നമ്പർ കത്ത്.

**ഉത്തരവ്**

ഹരിയാനയിലെ ചണ്ഡീഗഡിലുള്ള രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡെവലപ്മെന്റ് (RGNIYD) റീജണൽ സെന്ററിൽ വച്ച് 2025 മാർച്ച് 3 മുതൽ 7 വരെ സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ വയനാട്ടിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ 29 ജനപ്രതിനിധികൾ പങ്കെടുത്തിരുന്നുവെന്നും പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുത്ത ഓരോ ജനപ്രതിനിധിക്കും 24,420 രൂപ ചിലവായിട്ടുണ്ടെന്നും, യാത്രയുടെ ചെലവ് പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും അനുവദിക്കണമെന്ന് വയനാട് ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ, പ്രസിഡന്റ് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും പരാമർശ കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിയാനയിലെ ചണ്ഡീഗഡിലുള്ള രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡെവലപ്മെന്റ് (RGNIYD) റീജണൽ സെന്ററിൽ വച്ച് 2025 മാർച്ച് 3 മുതൽ 7 വരെ ജനപ്രതിനിധികൾക്കായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് വയനാട്ടിലെ 29 ജനപ്രതിനിധികൾ നടത്തിയ യാത്രയ്ക്ക് അനുമതി നൽകിയും, അവർക്ക് ചെലവായ 24,420/- രൂപ വീതം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾക്ക് (പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണവകുപ്പ് മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Geetha. T. S
Date: 09-10-2026
14:13:12
സെക്ഷൻ ഓഫീസർ